# കേരള സർക്കാർ

## ഉദ്യോഗസ്ഥഭരണ പരിഷ്കാര (എ.ആർ-13) വകുപ്പ്

നം.7289/എ.ആർ13(2)/16/ഉഭപവ തീയതി, തിരുവനന്തപുരം 22.02.2018

## സർക്കുലർ

വിഷയം:- സർക്കാർ ഓഫീസുകളിൽ നിന്നും അയയ്ക്കുന്ന കത്തുകളിൽ ഓഫീസ് നിൽക്കുന്ന സ്ഥലപേര്, പിൻകോഡ്, ഫോൺ നമ്പർ, സാക്ഷ്യപ്പെടുത്തിയ/പുറപ്പെടുവിച്ചിട്ടുള്ള ഉദ്യോഗസ്ഥന്റെ ഒപ്പിനും തസ്തികയ്ക്കും താഴെ ഇ-മെയിൽ ഐ.ഡിയും ഫോൺ നമ്പറും രേഖപ്പെടുത്തേണ്ടതാണെന്ന നിർദ്ദേശം - സംബന്ധിച്ച്

സൂചന:- 1. 02.03.2013-ലെ 19069/എ.ആർ 13(2)/12/ഉഭപവ നമ്പർ സർക്കുലർ
2. 09.10.2015-ലെ 18216/എ.ആർ 13(2)/15/ഉഭപവ നമ്പർ സർക്കുലർ

സൂചന (1) -ലെ സർക്കുലർ പ്രകാരം സർക്കാർ ഓഫീസുകളിൽ നിന്നും പൊതുജനങ്ങളുടെ പരാതികൾക്കും അപേക്ഷകൾക്കും മറുപടി നൽകുമ്പോൾ പിൻകോഡ് ഉൾപ്പെടുത്തിയുള്ള മുഴുവൻ മേൽവിലാസവും കത്തിലും കവറിലും രേഖപ്പെടുത്തേണ്ടതാണെന്നും മറുപടി കത്തുകളിൽ പരാതിക്കാരന്റെ കത്തിന്റെ തീയതി കൂടി പരാമർശത്തിൽ ഉൾപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സൂചന (2)-ലെ സർക്കുലറിലൂടെ സ്ഥലപേര്, പിൻകോഡ്, ഫോൺ നമ്പർ, അയയ്ക്കുന്ന ഉദ്യോഗസ്ഥന്റെ പേര്, ഇ-മെയിൽ എന്നിവ കൂടി ഉൾപ്പെടുത്തണമെന്നും നിർദ്ദേശിച്ചിരുന്നു. മേൽ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല എന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് അധ്യക്ഷന്മാർ ശിക്ഷാ നടപടി കൈക്കൊള്ളണമെന്നും നിർദ്ദേശിക്കുന്നു.

ബിശ്വനാഥ് സിൻഹ
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും /പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും/ സ്പെഷ്യൽ സെക്രട്ടറിമാർക്കും
എല്ലാ വകുപ്പുകൾക്കും (നിയമം, ധനകാര്യം ഉൾപ്പടെ)
മുഖ്യമന്ത്രിമാരുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
എല്ലാ വകുപ്പ് മേധാവികൾക്കും / എല്ലാ ജില്ലാ കളക്ടർമാർക്കും
പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം *(അച്ചടി, ദൃശ്യമാധ്യമങ്ങളിലൂടെ പ്രചാരണം നൽകുന്നതിന്)*

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ